**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1869** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഡയറി നെക്സ്റ്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ശാസ്ത്രീയ പശു പരിപാലനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഡയറി നെക്സ്റ്റ് പദ്ധതി വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | **ഡയറി നെക്സ്റ്റ് പദ്ധതി കേരള ലൈവ്സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡ്, കേരള ഫീഡ്സ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ് എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും ക്ഷീരകർഷകർക്ക് ശാസ്ത്രീയ പരിശീലനം നൽകുന്നതിനുള്ള സെമിനാറുകൾ സംഘടിപ്പിക്കുക, പുതിയ സംരംഭകർക്ക് വേണ്ടിയുള്ള സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രധാനമായും കന്നുകാലികളുടെ പ്രജനനം, തീറ്റക്രമം, രോഗപ്രതിരോധം, പുതുക്കിയ ഫാം ലൈസൻസിംഗ് ചട്ടങ്ങൾ, മൃഗസംരക്ഷണ മേഖലയിൽ ഗവൺമെന്റ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്നിവയെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുകയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഇപ്രകാരം തീറ്റയുടെ ചിലവ് കുറയ്ക്കുവാനും, പശുവളർത്തൽ ലാഭകരമാക്കുവാനും പാലുൽപാദനം വർദ്ധിപ്പിക്കുവാനും അതുവഴി പാലുൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുന്നതുമാണ്.**<br><br>**ഡയറി നെക്സ്റ്റ് പ്രയോഗവും പ്രയോജനവും എന്ന പദ്ധതി കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ വിവിധ നിയോജകമണ്ഡലങ്ങളിൽ നടത്താനും തുടർന്ന് മറ്റ നിയോജക മണ്ഡലങ്ങളിലേക്ക് വ്യാപിപ്പിക്കാനുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.** |
| (ബി) | ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടത്തിയിട്ടുള്ള ശാസ്ത്രീയ ഗവേഷണങ്ങളുടെയും പഠനങ്ങളുടെയും | (ബി) | കെ.എൽ.ഡി ബോർഡിന്റെ ഹൈടെക് ഡയറി ഫാമുകളിൽ നടത്തിയ പഠനങ്ങളിൽ നിന്ന് |

| | |
|---|---|
| വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഉരുത്തിരിഞ്ഞ വസ്തുതകൾ " Dairy Next- രണ്ടാം ഘട്ടത്തിന്റെ ഭാഗമായുള്ള പഠന ക്ലാസ്സുകൾ വഴി കർഷകരിലേയ്ക്ക് എത്തിക്കുന്നതാണ്.<br><br>ഡയറി നെക്സ്റ്റ് പ്രയോഗവും പ്രയോജനവും എന്ന ശീർഷകം തന്നെ ക്ഷീരകർഷകർക്ക് അത് എങ്ങനെ പ്രയോഗിക്കണമെന്നും ക്ഷീരകർഷകർക്ക് അത് എങ്ങനെ പ്രയോജനം ചെയ്യുമെന്നുമുള്ളതാണ് ഉദ്ദേശിക്കുന്നത്. ക്ഷീരകർഷകരെ അലട്ടുന്ന ഒരു പ്രശ്നമാണ് കാലിത്തീറ്റയുടെ ഉയർന്ന വില. കാലിത്തീറ്റയ്ക്ക് ഉയർന്ന വില വരാൻ കാരണം കാലിത്തീറ്റ ഉണ്ടാക്കുന്ന അസംസ്കൃത വസ്തുക്കളെല്ലാം തന്നെ കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിൽ നിന്നുമാണ് സംഭരിക്കുന്നത്. ഈ ഉത്പന്നങ്ങളുടെ വില വളരെ കൂടുതലാണ്. ഇന്ത്യയിലെ തെക്കൻ സംസ്ഥാനങ്ങളിൽ ആദ്യമായി പെല്ലറ്റ് രൂപത്തിൽ കാലിത്തീറ്റ വിപണിയിലിറക്കിയത് കേരള ഫീഡ്സ് ആണ്. പെല്ലറ്റ് രൂപത്തിൽ കാലിത്തീറ്റ വിപണിയിലിറക്കിയതുകൊണ്ട് ഉദ്ദേശിക്കുന്നത് കന്നുകാലികളുടെ ബാക്ടീരിയ, മറ്റ് അസുഖങ്ങൾ എന്നിവ ഒഴിവാക്കുവാനും കൊടുക്കുന്ന ആഹാരം നല്ലരീതിയിൽ ദഹിച്ച് ആരോഗ്യത്തിനും ഗുണകരമായി മാറ്റുന്നതിനും വേണ്ടിയാണ്. എന്നാൽ കഴിഞ്ഞ 25 വർഷമായി കമ്പനികളെല്ലാം പെല്ലറ്റ് രൂപത്തിലാണ് കാലിത്തീറ്റ ലഭ്യമാക്കുന്നതെങ്കിൽ പോലും ക്ഷീരകർഷകർ വെള്ളം ചേർത്ത് പെല്ലറ്റ് രൂപത്തിലുള്ള കാലിത്തീറ്റ ഇപ്പോഴും കൊടുക്കുന്നത്. ഇത് ക്ഷീരകർഷകരിലുള്ള ശാസ്ത്രീയമായ തീറ്റക്രമത്തിന്റെ അറിവുകേടിന്റെ ഫലമാണ്. അതിന് പരിഹാരമായി എല്ലാ മണ്ഡലങ്ങളിലുമുള്ള ക്ഷീരകർഷകരെ കേരള ഫീഡ്സും, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെൻറ് ബോർഡും, മൃഗസംരക്ഷണ വകുപ്പും ക്ഷീരവികസന വകുപ്പും ഒത്തൊരുമിച്ച് നടത്തുന്ന ഒരു പദ്ധതിയാണ് ഡയറി നെക്സ്റ്റ് പ്രയോഗവും പ്രയോജനവും. ഇത് പുസ്തക രൂപത്തിൽ എല്ലാ ക്ഷീരകർഷകരിലേക്കും എത്തിക്കുന്നുണ്ട്. ഖരരൂപത്തിലുള്ള കാലിത്തീറ്റ നൽകുമ്പോൾ അതിന്റെ കൂടെ ഒരോ പ്രായത്തിനനുസരിച്ച് പച്ചപ്പുല്ല്, ടി.എം.ആർ കൂടാതെ സൈലേജ് ഇവയെല്ലാം നിശ്ചിത ശതമാനത്തിൽ കൊടുത്താൽ പാലുത്പാദനം കൂടുകയും തീറ്റചിലവ് കുറയ്ക്കുകയും ചെയ്യാം എന്നുള്ള കേരളത്തിലെ കെ.എൽ.ഡി.ബിയുടെ ഫാമുകളിലും കേരള ഫീഡ്സ് കാലിത്തീറ്റ കൊടുക്കുന്ന ഫാമുകളിൽ നടത്തിയ പരീക്ഷണത്തിന്റെ അടിസ്ഥാനത്തിലും നിലവിലുള്ള ശാസ്ത്രീയ അറിവുകളുടെ അടിസ്ഥാനത്തിലും |

| | | | |
|---|---|---|---|
| | | | ഇങ്ങനെയുള്ള ശാസ്ത്രീയമായ രൂപരേഖ തയ്യാറാക്കി ക്ഷീരകർഷകർക്ക് നൽകുന്നത്. ഇത് മനസ്സിലാക്കി കഴിയുമ്പോൾ ക്ഷീരകർഷകർ വിഷാംശമുള്ള പുല്ലുകൾ കൊടുക്കാതിരിക്കാനും തീറ്റച്ചിലവ് കൂടുന്ന രീതിയിലുള്ള അധികമായി തീറ്റവസ്തുക്കൾ കൊടുക്കാതിരിക്കാനും, ഗുണകരമായ ശാസ്ത്രീയ രീതിയിലുള്ള കാലിത്തീറ്റ എങ്ങനെ നൽകണമെന്നുള്ളത് മനസ്സിലാക്കാനുമുള്ള ഒരു പദ്ധതിയാണ് ഡയറി നെക്സ്റ്റ് പ്രയോഗവും പ്രയോജനവും എന്നുള്ളതുകൊണ്ട് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ